കേരളസർക്കാർ

ധനകാര്യ(ഐ റ്റി എസ് എഫ്)വകുപ്പ്

സർക്കുലർ നം.37/2017/ധന

തിരുവനന്തപുരം

**തീയതി**:19 .05.2017

**ഫോൺ**.0471-2579700

email:info@spark.gov.in

## സർക്കുലർ

വിഷയം: സ്പാർക്ക് ഡേറ്റാബേയ്സിൽ ഔദ്യോഗിക പദവികളും ബഹുമാനപുരസരം നൽകുന്ന പദവികളും പേരിന്റെ തുടക്കമായി തന്നെ ചേർക്കുന്നതിന്റെ അപ്രായോഗികത സംബന്ധിച്ച വിശദീകരണം- പുറപ്പെടുവിക്കുന്നു.

സ്പാർക്ക് (സർവീസ് പേറോൾ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററി ഫോർ കേരള ) എന്നത് കേരളത്തിലെ എല്ലാ സർക്കാർ ജീവനക്കാരുടേയും സേവന വേതന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു സോഫ്റ്റ് വെയറാണ്. സ്പാർക്കിൽ ഓരോ ജീവനക്കാരുടെയും വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത് PEN നെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ചില സാഹചര്യങ്ങളിൽ ജീവനക്കാരുടെ പേരിന്റെ അക്ഷരമാലാ ക്രമത്തിൽ വിവരങ്ങൾ സ്പാർക്ക് ഡേറ്റാബേയ്സിൽ നിന്ന് ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഔദ്യോഗിക പദവികളും ബഹുമാനപുരസരം നൽകുന്ന പദവികളും പേരിന്റെ തുടക്കത്തിൽ ചേർക്കുന്നത് സ്പാർക്ക് ഡേറ്റാബേയ്സിന്റെ ഉപയോഗം പ്രയോജനപ്പെടുത്താൻ കഴിയാതെ വരുകയും സ്പാർക്ക് ഡേറ്റാബേയ്സിന്റെ ഉദ്ദേശ ശുദ്ധി തന്നെ ഇല്ലാതാക്കാനുമിടയുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നും ഇത്തരം പദവികൾ പേരിന്റെ തുടക്കത്തിൽ തന്നെ ചേർത്ത് തരണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ നല്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികളേയും അറിയിക്കുന്നു.

1. ഔദ്യോഗിക പദവികളും ബഹുമാനപുരസരം നൽകുന്ന പദവികളും പേരിന്റെ അവസാനം മാത്രമേ സ്പാർക്കിൽ ചേർക്കാൻ പാടുള്ളൂ.
2. ഔദ്യോഗിക പദവികളുടേയും ബഹുമാനപുരസരം നൽകുന്ന പദവികളുടേയും വിശ്വാസ്യത വ്യക്തമായി ബോദ്ധ്യപ്പെട്ടതിനു ശേഷം സേവനപുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകളും വരുത്തിയതിനും ശേഷം മാത്രമേ പ്രസ്തുത വിവരങ്ങൾ സ്പാർക്ക് ഡേറ്റാബേയ്സിൽ ഉൾപ്പെടുത്തുവാൻ കഴിയുകയുള്ളൂ.
3. നിലവിൽ ഏതെങ്കിലും തരത്തിൽ പേരിന്റെ തുടക്കത്തിൽ തന്നെ ഇത്തരം പദവികൾ ചേർത്തിട്ടുള്ളതായി സ്പാർക്ക് പി എം യു വിന്റെ ശ്രദ്ധയിൽ പെടുന്ന പക്ഷം അടിയന്തിരമായി മേൽ പറഞ്ഞ പ്രകാരം മാറ്റങ്ങൾ വരുത്തുന്നതാണ്.

മിനി വി ആർ.

ധനകാര്യ ജോയിന്റ് സെക്രട്ടറി

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) ,കേരള,തിരുവനന്തപുരം.

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ ), കേരള,തിരുവനന്തപുരം.

3) അക്കൗണ്ടന്റ് ജനറൽ (ഇ & ആർ എസ് എ),കേരള,തിരുവനന്തപുരം

4) സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും ,സെക്ഷനുകൾക്കും

5) എല്ലാ വകുപ്പ് തലവൻമാർ

6) എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ ,പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ.

7) ട്രഷറി ഡയറക്ടർ,തിരുവനന്തപുരം.

8) ചീഫ് പ്രോജക്റ്റ് മാനേജർ , സ്പാർക്ക് ,തിരുവനന്തപുരം.

9) നോഡൽ ഓഫീസർ ,www.finance.kerala.gov.in

10) സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ